**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1928** **11-10-2024 - ൽ മറുപടിയ്ക്ക്**

**കുന്നുമ്മൽ വോളിബോൾ അക്കാദമി, പുറമേരി ഇൻഡോർ സ്റ്റേഡിയം പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2023-24 സാമ്പത്തിക വർഷം ബജറ്റിൽ ഉൾപ്പെടുത്തിയ കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെയും പുറമേരി ഇൻഡോർ സ്റ്റേഡിയത്തിന്റെയും പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തികൾ എന്നാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ; | (എ) | കുന്നുമ്മൽ വോളിബോൾ അക്കാദമി നിർമ്മാണ പ്രവൃത്തിയ്ക്ക് 1 കോടി രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. മുബീൻ എം.എ. കാസർഗോഡ് എന്ന കരാറുകാരനുമായി 84.55 ലക്ഷം രൂപയ്ക്ക് 19.07.2024 ന് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഭൂമി തട്ട് തട്ടായി ഉള്ളതിനാൽ ഘട്ടം ഘട്ടമായി മാത്രമാണ് പ്രവൃത്തികൾ ചെയ്തുവരുന്നത്. കാട് വെട്ടിത്തെളിക്കുന്ന പ്രവൃത്തിയും ഗ്രൗണ്ട് ലെവലിംഗ് പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്.<br><br>2024-25 ബഡ്ജറ്റിൽ ഉൾപ്പെട്ട പുറമേരി ഇൻഡോർ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയ്ക്ക് 200 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കിയും 20% തുക തനത് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. സർവ്വെ നടപടികൾ പൂർത്തിയായിട്ടുണ്ട്. സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതിയ്ക്കായി വിശദമായ എസ്റ്റിമേറ്റും, ഡി.പി.ആറും തയ്യാറാക്കി ഭരണാനുമതിയ്ക്കായി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതാണ്. |
| (ബി) | കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെ ഒന്നാം ഘട്ടത്തിനായി അനുവദിക്കപ്പെട്ട ഒരു കോടി രൂപയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ബി) | കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെ ഒന്നാം ഘട്ടത്തിനായി അനുവദിക്കപ്പെട്ട 1 കോടി രൂപയിൽ മഡ് കോർട്ട്, ഫെൻസിംഗ് വാൾ, കോമ്പൗണ്ട് വാൾ, മുൻവശത്തെ ഗേറ്റ് എന്നിവയുടെ നിർമ്മാണം, ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തി, വോളിബോൾ കോർട്ടിലെ ഫ്ളഡ് ലൈറ്റിംഗ്, ഇലക്ട്രിക്കൽ പ്രവൃത്തി എന്നിവയാണ് ഉൾപ്പെടുന്നത്. ടി പ്രവൃത്തി 2025 ജനുവരി മാസം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ